**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**<u>പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1960 13/6/2019-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരമ്പരാഗത പോലീസ് പരിശീലനത്തിൽ നിന്നും മാറ്റം വരുത്തി ശാസ്ത്രീയ പരിശീലന മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പോലീസ് പരിശീലനമാണ് ഇപ്പോൾ തുടർന്നു വരുന്നത്.<br>2. പൊതുജനങ്ങൾക്കും സമൂഹത്തിന്റെ താഴെക്കിടയിലുള്ള അവശവിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കുക എന്ന ലക്ഷ്യത്തോടെ പരിശീലന പദ്ധതിയിൽ ട്രെയിനികളുടെ മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br>3. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോലീസ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുള്ളതാണ്. പോലീസിന് പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനും പോലീസ് പൊതുജന ബന്ധം മെച്ചപ്പെടുത്തുന്നതിനും soft skill module ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നുണ്ട്. |

4. മുൻകാലങ്ങളിൽ വനിതാ പോലീസ് ട്രെയിനികളെ ഉൾപ്പെടെ പരിശീലിപ്പിച്ചിരുന്നത് പുരുഷ പോലീസ് ഉദ്യോഗസ്ഥരാണ്. എന്നാൽ ഇപ്പോൾ ഈ രീതിക്ക് മാറ്റം വരുത്തി കേരള പോലീസ് അക്കാദമിയിൽ വനിതാ ട്രെയിനികൾക്കും പുരുഷ ട്രെയിനികൾക്കും പരിശീലനം നൽകുന്നതിന് പുരുഷ പോലീസ് ഉദ്യോഗസ്ഥരോടൊപ്പം വനിതാ പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചു വരുന്നു.

5. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നു വരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തുനിന്ന് ചിന്തിച്ചുകൊണ്ട് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം നൽകി വരുന്നുണ്ട്.

6. സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യകടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള സിലബസ്സിൽ തന്നെ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ National Police Academy പോലെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

7. ഐ.ടി. ട്രെയിനിംഗ്, സി.സി.ടി.എൻ.എസ്, സൈബർ ഫോറൻസിക്സ്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക്സ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിങ്ങ് കോഴ്സുകൾ നൽകിവരുന്നുണ്ട്. ട്രെയിനിങ്ങിനും തുടർന്നുള്ള പോലീസ് സേവനങ്ങൾക്കുമുള്ള ന്യൂനതകൾ കണ്ടെത്തി മാറ്റം വരുത്തുന്നതിലേക്കായി ഒരു റിസർച്ച് & പബ്ലിക്കേഷൻ വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. വളർന്ന് വരുന്ന ഭീകരാക്രമണവും തീവ്രവാദ ആക്രമണവും നേരിടുന്നതിനായി കേരള പോലീസ് സേനാംഗങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ ചെന്നൈ കമാൻഡോ ട്രെയിനിംഗ് സ്കൂളിൽ നിന്നും കമാൻഡോ പരിശീലനവും KATS-ൽ നിന്നും Jungle Operations -ൽ പരിശീലനവും നൽകിവരുന്നുണ്ട്.

9. നിയമപരമായി ക്രമസമാധാന പ്രശ്നങ്ങളെ ജനാധിപത്യപരമായി നേരിടുന്നതിന് അടിസ്ഥാന പരിശീലന കാലയലളവിൽ തന്നെ അക്കാദമിയിലെ പരിശീലനാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകി വരുന്നുണ്ട്.

10. ഇ- അക്കാദമി എന്ന ലക്ഷ്യത്തോടെ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് പോലീസ് അക്കാദമിയിൽ ക്ലാസുകൾ ഇ-ലേണിംഗ് മൊഡ്യൂളിലേക്ക് മാറ്റി വരുന്നതും അക്കാദമിയിലെ എല്ലാ പരീക്ഷകളും ഓൺലൈൻ ആക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ലക്ഷ്യത്തോടെ കേരള പോലീസ് അക്കാദമിയിൽ E. Learning സംവിധാനമായ KELS (കേരള പോലീസ് അക്കാദമി ഇ-ലേണിംഗ് സിസ്റ്റം) പദ്ധതിയിലൂടെ പരിശീലനാർത്ഥികൾക്ക് പാഠ്യ വിഷയങ്ങളുടെ നോട്ടുകളും മറ്റും സ്മാർട്ട് ഫോൺ വഴി നൽകി വരുന്നുണ്ട്.

11. നിയമവിഷയങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും ലഭ്യമായിട്ടുള്ള എല്ലാ പ്രധാന ഓൺലൈൻ ജേർണലുകളും, ഇലക്ട്രോണിക് ബുക്കുകളും, ട്രെയിനിംഗ് വീഡിയോകളും ട്രെയിനികൾക്ക് ലഭ്യമാകുന്ന വിധത്തിൽ അക്കാദി ക്യാമ്പസ് Wifi സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

12. 2018 വർഷം " Year of Training & Learning" ആയി പ്രഖ്യാപിക്കുകയും സംസ്ഥാന പോലീസ് സേനയിൽ ജോലി നോക്കി വരുന്ന DGP മുതൽ CPO വരെ തസ്തികയിലുള്ള 52,876 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. ഇതിൽ ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാകുന്നതിനും സേവന തൽപരത വർദ്ധിപ്പിക്കുന്നതിനുമുള്ള പാഠ്യവിഷയം ഉൾപ്പെടുത്തിയും ഈ പരിശീലന പദ്ധതി തുടർന്നും നടത്തി വരുന്നുണ്ട്.

13. വർദ്ധിച്ചുവരുന്ന തീവ്രവാദ-മാവോയിസ്റ്റ് ഭീക്ഷണി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി കേരള പോലീസ് അക്കാദമിയിൽ Counter IED Training Centre പ്രവർത്തനം ആരംഭിച്ചു. വിവിധ തരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവ നിർവ്വീര്യമാക്കുന്നതിനുമുള്ള സംസ്ഥാനത്തിലെ ആദ്യ സംയോജിത പരിശീലന കേന്ദ്രമാണിത്.

14. 2019 "Year of Cyber Learning" ആയി പ്രഖ്യാപിച്ചിട്ടുള്ളതും സൈബർ കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുക എന്ന പ്രധാനപ്പെട്ട ലക്ഷ്യത്തോടെ സൈബർ ഫോറൻസിക് ട്രെയിനിംഗ് ലാബ് കേരള പോലീസ് അക്കാദമിയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സൈബർ കുറ്റകൃത്യങ്ങളിൽ ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും പ്രാഥമിക വിശകലനം ചെയ്യുന്നതിനും പോലീസിനെ പ്രാപ്തമാക്കാനുള്ള സാങ്കേതിക മികവ് ഈ ലാബിനുണ്ട്. സൈബർ കുറ്റകൃത്യങ്ങൾക്ക് എതിരെയുള്ള അന്വേഷണങ്ങൾക്ക് നിയമ-നീതിന്യായ വ്യവസ്ഥയിലുള്ളവരെ പ്രാപ്തരാക്കുന്നതിന് ഉതകുന്നതാണ്

ഈ ലാബ്.

15.പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പോലീസ് ട്രെയിനിംഗ് കോളേജിൽ കേരള പോലീസ് സേനയുടെ നിലവിലുള്ള ലത്തി-ഡ്രിൽ പരിഷ്കരിച്ച് ലത്തി-ഷീൽഡ്-വെപ്പൺ പരിശീലനം നൽകിവരുന്നു.

16. ഇൻ-സർവ്വീസ് പരിശീലനത്തിൽ സൈബർ ക്രൈം അന്വേഷണം, മൊബൈൽ ഫോറൻസിക്, നെറ്റ്-വർക്ക് ഫോറൻസിക്, ഹാക്കിംഗ്, എ.ടി.എം ബാങ്ക് തട്ടിപ്പ്/ ഡിജിറ്റൽ എവിഡൻസ് കളക്ഷൻ എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നു.

17. സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച വിഷയങ്ങൾ, കസ്റ്റഡി മാനേജ്മെന്റ്, പൊതുജനങ്ങളോടുള്ള പെരുമാറ്റം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വിഷയങ്ങൾ പരിശീലനത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

18. പോലീസ് ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി സംബന്ധമായി ഉണ്ടാകുന്ന മാനസിക സമർദ്ദം, ജീവിത ശൈലീ രോഗങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി പരിശീലനത്തിൽ സ്ട്രെസ്സ് മാനേജ്മെന്റ് കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ